മൂവി റിവ്യൂ - TB Movie Panel

## മിസ്റ്റർ ആൻഡ് മിസ്സിസ് അയ്യർ

നിങ്ങളെപ്പോഴെങ്കിലും ഒരു കലാപത്തിലകപ്പെട്ട് പോയിട്ടുണ്ടോ ? ഉണ്ടെങ്കിലുമില്ലെങ്കിലും, ഒരു കൊടും കലാപത്തിനിടയിൽ, അല്ലെങ്കിലൊരു പ്രതിസന്ധിക്കിടയിൽ, പ്രണയിക്കാനോ പ്രണയത്തെപ്പറ്റി ചിന്തിക്കാനോ ആകില്ലെന്ന് കരുതുന്ന കൂട്ടത്തിൽ തന്നെയല്ലേ ?

'മിസ്റ്റർ ആൻഡ് മിസ്സിസ് അയ്യർ' കാണൂ.. പൂർണ്ണമായുമതൊരു രാഷ്ട്രീയ സിനിമയാണ്. അതേ സമയം, അത്രത്തോളം തന്നെ മനോഹരമായൊരു പ്രണയ കാവ്യവും.

ഒരു യാത്രയിൽ കണ്ടുമുട്ടി അടുത്ത ദിവസം പിരിയേണ്ടി വരുന്ന അപരിചിതരാണ് മീനാക്ഷിയും, ജഹാംഗീർ ചൗധരിയെന്ന രാജയും. പക്ഷേ, ചുറ്റുമുള്ള കഥാപാത്രങ്ങളിൽ ഭൂരിപക്ഷത്തിനുമവർ മിസ്റ്റർ അയ്യരും, മിസ്സിസ്സ് അയ്യരുമാണ്. മണിക്കൂറുകൾ മാത്രം നീണ്ടു നിൽക്കുന്ന അവരുടെ യാത്രയ്ക്കിടയിൽ പ്രണയമുണ്ട്! എങ്ങനെയന്നല്ലേ? എഴുതിയാലും പറഞ്ഞാലും ഫലിപ്പിക്കാനാകാത്ത ചിലതൊക്കെ സ്ക്രീനിലൂടെ എളുപ്പത്തിൽ നമ്മളെ അനുഭവിപ്പിക്കാൻ ചിലർക്കാകും. മിസ്റ്റർ ആൻഡ് മിസ്സിസ് അയ്യർ അത്തരത്തിലൊരു മാജിക്കാണ്. ഒരു അപർണ്ണ സെൻ മാജിക്. അല്ലെങ്കിലെങ്ങനെയാണ്, കലാപവും, രാഷ്ട്രീയവും, പ്രണയവും, ജാതി വെറിയുമൊക്കെ ഒരേ സിനിമയിൽ രണ്ട് മണിക്കൂറിനുള്ളിൽ മടുപ്പിക്കാതെയിങ്ങനെ പറഞ്ഞ് വെയ്ക്കാനാകുക ?

മീനാക്ഷിയോ, രാജയോ ചിത്രത്തിലെവിടെയും തന്നെ അന്യോന്യം പ്രണയം പറയുന്നില്ല. പക്ഷേ,കണ്ടിരിക്കുന്ന പ്രേക്ഷകന് രണ്ടു പേരോടും, അവരുടെ അടുപ്പത്തോടും പ്രണയം തോന്നുകയും ചെയ്യും! അതിവൈകാരിക പ്രണയരംഗങ്ങൾക്ക് പോലും നൽകാനാകാത്തത്ര മനോഹരമായ പ്രണയാനുഭവത്തിലേക്ക് ആറോ ഏഴോ സംഭാഷണങ്ങളിലൂടെ കണ്ടിരിക്കുന്നവനെ സിനിമ കൊണ്ടു പോകുന്നുണ്ട്, ഒന്നിലധികം തവണ. അതിവൈകാരികതയെ എങ്ങനെയിത്ര ഒതുക്കിയെഴുതാനാകുന്നുവോ എന്തോ ?
അപർണാ സെന്നിന്റേത് തന്നെയാണ് തിരക്കഥയും. മികച്ച സംവിധായകയ്ക്കുള്ള അക്കൊല്ലത്തെ ദേശീയ അവാർഡും മറ്റാർക്കുമായിരുന്നില്ല. ഇക്കാലയിളവിൽ ആ ബഹുമതി നേടിയ ഒരേയൊരു വനിതയും അവർ മാത്രമാണ്.

കൊങ്കണ സെന്നും, രാഹുൽ ബോസുമാണ് മീനാക്ഷിയും രാജയുമായി സ്ക്രീനിലെത്തുന്നത്. ഒരു കാലഘട്ടത്തിന്റെ ടീനേജ് ക്രഷായിരുന്നു കൊങ്കണ സെൻ. ഒന്നു രണ്ടു രംഗങ്ങളിലെ അവരുടെ പ്രകടനം എടുത്ത് പറയേണ്ടത്ര ഗംഭീരമാണ്. രാജയോട് മീനാക്ഷിക്കെന്നല്ല, സിനിമ കണ്ടു തീരുന്ന ആർക്കും പ്രണയം തോന്നും. അത്രമേൽ വശ്യമായാണ് 'രാജ' യെന്ന കഥാപാത്രത്തെ എഴുതി വെച്ചിരിക്കുന്നതും, രാഹുൽ ബോസ്

അവതരിപ്പിച്ചിരിക്കുന്നതും.

മറുവശത്ത്, വിട്ടുവീഴ്ചകളൊന്നുമില്ലാത്ത പൂർണമായ ഒരു രാഷ്ട്രീയ സിനിമയാണ് മിസ്റ്റർ ആൻഡ് മിസ്സിസ് അയ്യർ. ജാതിയുടെ, നിറത്തിന്റെ, ദേശത്തിന്റെ എന്തിന് ഭക്ഷണത്തിന്റെ പേരിൽ പോലുമുള്ള തരംതിരിവുകളെയും, അവയുടെ രാഷ്ട്രീയത്തെയും വ്യക്തമായിത്തനെ പറഞ്ഞ് പോകുന്നുണ്ട് സിനിമയിൽ. രണ്ടായിരത്തിയൊന്നിലെ ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്ന് നമ്മളെത്ര ദൂരം മുന്നോട്ടോ പിന്നോട്ടോ നടന്നുവെന്നറിയാനുള്ള ഒരു റഫറൻസുമാക്കാം ഈ സിനിമ. അതിനി, ഏതു കാലത്തും !

അതിയാഥാസ്ഥിതിക ചുറ്റുപാടുകളിൽ വളർന്നുവന്ന, ഹിന്ദുവായി ജീവിച്ചുപോന്ന, ഒരു സാധാരണ ഇന്ത്യക്കാരൻ മുസ്ലീം സമുദായത്തെ എത്രത്തോളം മുൻവിധിയോടെയാണ് കാണുന്നതെന്ന് സിനിമ പച്ചയ്ക്ക് തന്നെ പറയുന്നുണ്ട് ; 'രാജ'യൊരു മുസ്ലീം ആണെന്ന് മീനാക്ഷി തിരിച്ചറിയുമ്പോൾ ഉള്ള അവരുടെ പ്രതികരണങ്ങളിലൂടെ. രാജയുടെ 'ജഹാംഗീർ' എന്ന പേരിൽ നിന്ന് 'മലപ്പുറം' എന്ന ഹാഷ് ടാഗിലേക്കുള്ള ദൂരം ഇരുപത് കൊല്ലങ്ങളാണ്. നമ്മളൊട്ടും മുന്നോട്ട് പോകാത്ത ഇരുപത് കൊല്ലങ്ങൾ. ഇന്ത്യയുടെ രാഷ്ട്രീയ, സാംസ്കാരിക സാഹചര്യങ്ങളിൽ ഇന്നും ഈ സിനിമ പ്രസക്തമാകുന്നത് അങ്ങനെയാണ്.

തൊട്ടു മുന്നത്തേ സീനിൽ അക്രമവും കലാപവും കണ്ടത് ഓർത്തെടുക്കാൻ പോലും വിടാതെ തിരക്കഥയ്ക്കൊപ്പമൊഴുകുന്നതാണ് പശ്ചാത്തല സംഗീതം. തിരിച്ച്, ഏറ്റവും നേർത്ത രീതിയിലെങ്കിലും, കലാപ പശ്ചാത്തലം കാണിക്കുമ്പോഴൊക്കെ നെഞ്ചിടിപ്പ് നന്നായി കൂട്ടുകയും ചെയ്യുന്നുണ്ട് സാക്കീർ ഹുസൈന്റെ പശ്ചാത്തല സംഗീതം.

ഒരു കാലത്തെ ദൂരദർശന്റെ 'വല്യേട്ടനാ'യിരുന്നു ഈ ചിത്രം. ഇടയ്ക്കിടെ സംപ്രേക്ഷണമുണ്ടാകും. എത്ര കണ്ടാലും മടുപ്പിക്കാത്ത ഒരുപാട് രംഗങ്ങളുണ്ട് ചിത്രത്തിലെന്നത് തന്നെയാകണം കാരണം.

ചെറുപ്പത്തിലെപ്പോഴോ, 'മിസ്റ്റർ ആന്റ് മിസ്സിസ്സ് അയ്യരെ'പ്പറ്റി ആദ്യം കേൾക്കുന്നത് അന്നത്തെ ഒരു ടീനേജുകാരനിൽ നിന്നാണ്. എഴുതിയും പറഞ്ഞും ഈ സിനിമയെപ്പറ്റി
ഇതുവരെ കേട്ടതിൽ ഏറ്റവും കൃത്യമെന്ന് തോന്നിയതും അന്ന് കേട്ടത് തന്നെയാണ്.
"അത് സിനിമയല്ലെടാ..,ഒരു കവിതയാണ് "

അത്രയേ പറയാനുള്ളു.
പ്രിയപ്പെട്ട ഒരു കവിത..!

---------

തയ്യാറാക്കിയത് : Sreelesh S Kumar